61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 956 Participant Code: 101

# മുത്തശ്ശിയും യന്ത്രമനുഷ്യനും

ഉമ്മറത്തിണ്ണയിൽ, ഏകയായി
നാമം ജപിച്ചിരിപ്പായിരുന്നെൻ മുത്തശ്ശി,
ചോരമണക്കുന്ന ചൂടുള്ള വാർത്തകൾ
അകായിൽ മുഴങ്ങിയൊരക്ഷണം
നിർത്താതെ ഉരുവിട്ടു തുടങ്ങി:
"കലികാലമല്ലോ, മനുഷ്യരീവിധം
വെറിപൂണ്ടതിലൊട്ടുമേ അത്ഭുതം വേണ്ടപോൽ...”
പിന്നെ തുടങ്ങിനാൾ ഗതകാലമാഹാത്മ്യം, ഇപ്പോൾ
എത്രയോ അധഃപതിച്ചെന്നോർത്തു വിലപിച്ചു:
കുഞ്ഞിളം പ്രായത്തിൽ,
സാരോപദേശങ്ങളേറെ കേട്ടു മുഷിക്കയാൽ
ചോരത്തിളപ്പിന്റെ കൗമാരക്കടലിലാ
വിലാപങ്ങളൊക്കെയും കാറ്റുതിന്നുപോയ്...
എങ്കിലും,
നല്ല ചിന്തകൾ ഊറിത്തണുത്തുറഞ്ഞാഴങ്ങളിൽ
പവിഴപ്പുറ്റുകളായി തീർന്നിരുന്നു.
യോജിപ്പാനാവില്ലെനിക്കൊരിക്കലും;
പിഴയ്ക്കുവാൻ മാത്രമീ ലോകമെന്തു ചെയ്തു?

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

പിന്നൊരിക്കൽ,
നൂതനവിദ്യയിൽ കരകൗശലം കൊണ്ടുഞാൻ
പണിതീർത്തൊരദ്~~ഭുതത്തെ~~ഭുതത്തെ
കാഴ്ച്ചവെച്ചേൻ മുത്തശ്ശിക്കു മുമ്പിൽ:
ഒരു യന്ത്രമനുഷ്യനെ!

"ഇതും മനുഷ്യനോ...?"
-കുഴിഞ്ഞ കണ്ണുകളിലതിശയം നിറച്ചവർ
ദുരൂഹമാം സമസ്യയിൽ പെട്ടുഴറി:
കൃത്രിമബുദ്ധിയെന്നേറെ പണിപ്പെട്ടു
ബോധ്യപ്പെടുത്താൻ ശ്രമിച്ചുവെന്നാകിലും,
ഈ ലോകഗതി എവിടേക്കെന്നറിയാതവർ
ഉമ്മറത്തിണ്ണയിൽച്ചെന്നു
നാമം ജപിച്ചിരുന്നു.

എന്തു ഞാൻ ചെയ്യേണ്ടൂ... അറിയില്ല...
കാലചക്രം ഇടറാതെ മുന്നോട്ടുരുളുമ്പോൾ
എവിടേക്കു നീങ്ങണം... ഏതാണു സത്യം?
മടിച്ചില്ല പിന്നെയൊരിക്കലും, കാലത്തിൻ
നിതാന്തമാം മാറ്റത്തിനനുകൂലനങ്ങൾ
തേടിയിറങ്ങാൻ...

കാലചക്രത്തിൻ ഗതിമാറ്റിക്കളിക്കുന്ന
ബുദ്ധിവല്ലഭൻ മനുഷ്യനെയറിവാൻ
ഒടുവിൽ കണ്ടെത്തി ഞാനാ ദിവ്യരഹസ്യം
യുഗാന്തരങ്ങളെ നയിക്കുന്ന സത്യം

(ബാക്കി rough paper-ൽ)

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)